പതിമൂന്നാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം
നമ്പർ: 4841

18/12/2014 -ൽ മറുപടിക്ക്

**ഫെയർ വാല്യൂ**

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻനായർ | ശ്രീ. അനൂപ് ജേക്കബ് (ഭക്ഷ്യവും സിവിൽ സപ്ലൈസും ഉപഭോക്തൃ സംരക്ഷണവും രജിസ്ട്രേഷനും വകുപ്പ് മന്ത്രി) |
| എ) വാമനപുരം നിയോജക മണ്ഡലത്തിലെ നെല്ലനാട് വില്ലേജിലെ ഭൂമിയുടെ താരിഫ് വില നിശ്ചയിച്ചിട്ടുണ്ടോ; എന്നാണ് പ്രസ്തുത താരിഫ് വില പ്രാബല്യത്തിൽ വന്നതെന്ന് അറിയിക്കുമോ ; | എ) വാമനപുരം നിയോജകമണ്ഡലത്തിലെ നെല്ലനാട് വില്ലേജിലെ ഭൂമിയുടെ താരിഫ് വില നിശ്ചയിച്ചിട്ടുണ്ട്. 02/11/2012-ലാണ് ഭൂമിയുടെ ന്യായവില പ്രാബല്യത്തിൽ വന്നത്. |
| ബി) നെല്ലനാട് വില്ലേജിലെ താരിഫ് വിലയെ സംബന്ധിച്ച വിവരങ്ങൾ ഇന്റർനെറ്റിലോ വാമനപുരം സബ് രജിസ്ട്രാർ ഓഫീസിലോ ലഭ്യമല്ലായെന്നുള്ള വിവരം ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ ; | ബി) ഉണ്ട്. |
| സി) ആയത് അടിയന്തിരമായി ഇന്റർ നെറ്റിൽ പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോ; | സി) നടപടി സ്വീകരിച്ചു. പ്രസ്തുത ന്യായവില വിവരങ്ങൾ 30/11/2014 മുതൽ ഇന്റർനെറ്റിൽ ലഭ്യമാണ്. |
| ഡി) താരിഫ് വിലയെ സംബന്ധിച്ച ഉത്തരവിന്റെ പകർപ്പും ലിസ്റ്റും നൽകുമോ ? | ഡി) ഭൂമിയുടെ താരിഫ് നിരക്ക് നിശ്ചയിച്ചു ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളത് റവന്യൂ വകുപ്പാണ്, രജിസ്ട്രേഷൻ വകുപ്പല്ല. നെല്ലനാട് വില്ലേജിലെ ഭൂമിയുടെ ന്യായ വില വിവരങ്ങൾ www.igr.kerala.gov.in എന്ന വെബ് സൈറ്റിൽ ലഭ്യ മാണ്. |

സെക്ഷൻ ഓഫീസർ.